ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:30.09.2025**

## പ്രധാനവാർത്തകൾ

1. പ്രതിപക്ഷ ബഹളത്തിനിടെ നടപടികൾ വേഗത്തിൽ പൂർത്തിയാക്കി നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. സഭ ഒക്ടോബർ ആറിന് വീണ്ടും ചേരും.

2. പരിസ്ഥിതിക്ക് അനുയോജ്യമായ തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇ.എസ്.ജി നയത്തിന് അംഗീകാരം നൽകി സംസ്ഥാന മന്ത്രിസഭ.

3. കേരള മീഡിയ അക്കാദമി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര മാധ്യമോത്സവം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു.

4. എയിഡഡ് മേഖലയിലെ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് മാനേജ്മെന്റുകളുടെ ആശങ്കകൾ പരിഹരിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി.

5. നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വൻ ഭക്തജനതിരക്ക്.

6. ഐ.സി.സി വനിതാ ഏകദിന ലോകകപ്പിന് ഗുവാഹട്ടിയിൽ തുടക്കം. ആദ്യമത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ നേരിടുന്നു.

***********************************

RNU TVPM

## നിയമസഭ

പ്രതിപക്ഷ ബഹളത്തിനിടയിൽ നിയമനിർമാണ നടപടികൾ വേഗത്തിൽ പൂർത്തിയാക്കി നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. രാഹുൽ ഗാന്ധിക്കെതിരായ ടിവി പരിപാടിയിലെ പരാമർശം അടിയന്തര പ്രമേയമായി ഉന്നയിക്കാൻ അനുമതി നിഷേധിച്ചതിന് എതിരെയായിരുന്നു പ്രതിപക്ഷ പ്രതിഷേധം. പ്രതിപക്ഷത്തു നിന്നും സണ്ണി ജോസഫ് ആണ് പ്രമേയത്തിന് അനുമതി തേടിയത്. സ്പീക്കറുടെ ഡയസിലേക്ക് മുദ്രാവാക്യം വിളികളും പ്ലക്കാർഡുകളുമായി കയറാൻ പ്രതിപക്ഷം ശ്രമിച്ചെങ്കിലും വാച്ച് ആന്റ് വാർഡ് തടയുകയായിരുന്നു. പ്രതിപക്ഷ ബഹളത്തിനിടെ, പിഎസ് സി ഭേദഗതി ബിൽ, ഏക കിടപ്പാടം സംരക്ഷണ ബിൽ, വ്യവസായ ഏകജാലക ക്ലിയറൻസ് ഭേദഗതി ബിൽ എന്നിവ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടു. ഒക്ടോബർ ആറിനാണ് നിയമസഭ വീണ്ടും ചേരുക.

RNU TVPM

***********************************

## മന്ത്രിസഭായോഗതീരുമാനം

വ്യവസായ, സംരംഭക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഇ.എസ്.ജി നയത്തിന് അംഗീകാരം നൽകുന്ന ആദ്യ സംസ്ഥാനമായി കേരളം. പരിസ്ഥിതിക്ക് അനുയോജ്യവും സമൂഹത്തെ പരിഗണിക്കുന്നതുമായ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനാണ് നയം നടപ്പാക്കുന്നത്. ഇ. എസ്. ജി തത്വങ്ങൾ പ്രോത്സാഹിപ്പിക്കാൻ നികുതി ഇളവ്, സബ്സിഡി, എന്നിവ ഉറപ്പാക്കും. വയനാട് ടൗൺഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് അഡ്വാൻസ് പേമെൻറ് ഗ്യാരണ്ടി വ്യവസ്ഥ ഒഴിവാക്കാനും മന്ത്രി സഭ തീരുമാനിച്ചു.

**************************************

## മാധ്യമോത്സവം

കേരള മീഡിയ അക്കാദമി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര മാധ്യമോത്സവം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം ടാഗോർ തിയറ്ററിൽ ഉദ്ഘാടനം ചെയ്തു. മീഡിയ അക്കാദമിയുടെ പേഴ്സൺ ഓഫ് ദി ഇയർ പുരസ്കാരം ആഫ്രിക്കൻ മാധ്യമ പ്രവർത്തക മറിയം ഔഡ്രാഗോയ്ക്ക് മുഖ്യമന്ത്രി സമ്മാനിച്ചു. ഇന്ത്യൻ മീഡിയ പേഴ്സൺ പുരസ്കാരങ്ങൾ പ്രമുഖ മാധ്യമ പ്രവർത്തകരായ കരൺ ഥാപ്പറും, രാജ്ദീപ് സർദേശായും മുഖ്യമന്ത്രിയിൽ നിന്ന് സ്വീകരിച്ചു. വ്യാഴാഴ്ച്ച വരെ നീളുന്ന മാധ്യമോത്സവത്തിൻ്റെ ഭാഗമായി മൾട്ടിമീഡിയ ഫോട്ടോ പ്രദർശനം , പൂർവവിദ്യാർഥി സംഗമം, ആർട്ടിഫിഷ്യൽ ഇൻ്റലിജൻസ് ശില്പശാല, മാധ്യമ ക്വിസ് മത്സരം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

RNU TVPM

**************************************

## ഭിന്നശേഷി സംവരണം - മന്ത്രി വി ശിവൻകുട്ടി

ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് ചില മാനേജ്മെൻ്റുകൾ വസ്തുതാ വിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിച്ച് സമൂഹത്തെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കരുതെന്ന് മന്ത്രി വി ശിവൻകുട്ടി . സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും വിധികൾ നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ നിന്ന് ഒരടി പോലും പിന്നോട്ട് പോകില്ലെന്നും ഒഴിവുകൾ ബോധപൂർവ്വം റിപ്പോർട്ട് ചെയ്യാത്ത മാനേജ്മെൻ്റുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വാർത്താക്കുറിപ്പിൽ അറിയിച്ചു.എയിഡഡ് മേഖലയിലെ അധ്യാപക നിയമനവുമായി

ബന്ധപ്പെട്ട് ക്രിസ്ത്യൻ മാനേജ്മെന്റുകൾക്കുൾപ്പെടെയുള്ള ആശങ്കകൾ പരിഹരിക്കുമെന്നും ശ്രീ വി ശിവൻകുട്ടി വ്യക്തമാക്കി. പ്രശ്നപരിഹാരത്തിന് നിർദേശങ്ങൾ സമർപ്പിക്കാൻ നിയോഗിച്ചിട്ടുള്ള സമിതികൾ രണ്ടാഴ്ചക്കുള്ളിൽ സർക്കാരിന് റിപ്പോർട്ട് നൽകുമെന്നും മന്ത്രി പറഞ്ഞു.

************************************

## ശബരിമല -കേരള ഹൈക്കോടതി

ശബരിമല ക്ഷേത്രത്തിലെ എല്ലാ വിലപിടിപ്പുള്ള വസ്തുക്കളുടെയും മൂല്യം നിർണ്ണയിക്കുന്നതിനായി മുൻ ഹൈക്കോടതി ജഡ്ജി കെ ടി ശങ്കരനെ ചുമതലപ്പെടുത്തി കേരള ഹൈക്കോടതി. സ്ട്രോങ് റൂമിലെ എല്ലാ വസ്തുക്കളുടെയും, തിരുവാഭരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നവയുടെയും , സ്വർണ്ണം പൊതിഞ്ഞ വസ്തുക്കളുടെയും സമഗ്രമായ വിലയിരുത്തൽ വിദഗ്ധ സഹായത്തോടെ നടത്താനാണ് കോടതി നിർദ്ദേശം.

RNU TVPM

************************************

## ദുർഗാഷ്ടമി (ഇൻട്രോ)

നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വൻ ഭക്തജനതിരക്ക്. പൂജയെടുപ്പിനുശേഷം മറ്റന്നാൾ നടക്കുന്ന വിദ്യാരംഭ ചടങ്ങിനുള്ള തയ്യാറെടുപ്പുകളും പൂർത്തിയായി വരികയാണ്.

**തിരുവനന്തപുരത്തു നിന്നും വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രജു കോലിയക്കോട്...**

(വോയ്സ്)

ആകാശവാണി തിരുവനന്തപുരം നിലയത്തിലും പൂജവെയ്പ്പ് ചടങ്ങുകൾ ഇന്ന് നടന്നു.

***********************************

## വോട്ടർപട്ടിക

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള
വോട്ടർപട്ടികയിൽ ഒക്ടോബർ 14 വരെ പേര് ചേർക്കാം. കരട് വോട്ടർപട്ടികയിൽ ഉൾപ്പെട്ട വോട്ടർമാർക്കും പുതുതായി പേര് ചേർക്കുന്നവർക്കും സവിശേഷ തിരിച്ചറിയൽ നമ്പർ നൽകും. അന്തിമ വോട്ടർപട്ടിക ഒക്ടോബർ 25 ന് പ്രസിദ്ധീകരിക്കും.

***********************************

RNU TVPM

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

***********************************

## കേന്ദ്ര മന്ത്രി ജോർജ് കുര്യൻ .

വികസനത്തിന്റെ കാര്യത്തിൽ രാഷ്ട്രീയം മറന്നുള്ള ഐക്യമാണ് രാജ്യത്തിന്റെ വിജയമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. പന്തളം നഗരസഭ നിർമ്മിച്ച മുൻസിപ്പൽ ബസ് ടെർമിനൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 2047- ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി എല്ലാവരും തദ്ദേശീയ ഉത്പന്നങ്ങൾ വാങ്ങണമെന്നും മന്ത്രി പറഞ്ഞു.

***********************************

## സേവാ പർവ് (ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ, 2020 ലെ ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ രാജ്യത്ത് ആധുനികവും, സമഗ്രവുമായ വിദ്യാഭ്യാസ സമ്പ്രദായം ഉറപ്പുവരുത്തിയതിനെക്കുറിച്ചാണ്
ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്....

(വോയ്സ്)

*രാഷ്ട്രത്തിൻറെ ഭാവി കെട്ടിപ്പടുക്കുന്നതിലെ അടിസ്ഥാന ശിലയാണ് വിദ്യാഭ്യാസം. 21-ാം നൂറ്റാണ്ടിന്റെ ഇന്ത്യയുടെ ആവശ്യങ്ങളുമായി പൊരുത്തപ്പെടുന്നതായിരുന്നു 2020 ജൂണിൽ, കേന്ദ്ര സർക്കാർ അവതരിപ്പിച്ച ദേശീയ വിദ്യാഭ്യാസ നയം. കുട്ടികൾക്ക് അറിവ് നൽകുന്നതിന് പുറമേ അവരുടെ ആത്മവിശ്വാസവും, കഴിവും വളർത്തിയെടുക്കാൻ ഇതിലൂടെ സാധിച്ചു. എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസത്തിനായി തുല്യ അവസരം പ്രദാനം ചെയ്യുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു* .

(വോയ്സ്)

***********************************

## സ്വച്ഛതാ - ആകാശവാണി

സ്വച്ഛതാ ഹി സേവാ കാമ്പയിൻറെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയത്തിൽ പ്രാദേശിക വാർത്താ വിഭാഗത്തിന്റെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. വിപുലമായ പരിപാടികളാണ് രണ്ടാഴ്ച

RNU TVPM

നീളുന്ന കാമ്പയിൻറെ ഭാഗമായി നടന്നുവരുന്നത്. സ്വച്ഛതാ ഹി സേവയോട് അനുബന്ധിച്ച് ആകാശവാണി പരിസരത്ത് വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്ന ചടങ്ങും ഇന്ന് നടന്നു.

************************************

## ചാമ്പ്യൻസ് ബോട്ട് ലീഗ് (ഇൻട്രോ)

സംസ്ഥാന ടൂറിസം വകുപ്പ് നടത്തുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് മറ്റന്നാൾ കണ്ണൂരിൽ. അഞ്ചരക്കണ്ടി പുഴയിൽ മുഴപ്പിലങ്ങാട് കടവിന് സമീപമാണ് മത്സരം.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രധിനിധി കെ ഒ ശശിധരൻ.**

(വോയ്സ്)

************************************

## ഇന്ത്യൻ മിലിട്ടറി നഴ്സിങ് സർവ്വീസസ്

ഇന്ത്യൻ മിലിട്ടറി നഴ്സിങ് സർവ്വീസസിന്റെ നൂറാം സ്ഥാപക ദിനത്തോട് അനുബന്ധിച്ച് പാങ്ങോട് മിലിട്ടറി ആശുപത്രിയിൽ നാളെ വിപുലമായ പരിപാടികൾ. 1925 ഒക്ടോബർ ഒന്നിന് തുടക്കം കുറിച്ച ഇന്ത്യൻ മിലിട്ടറി നഴ്സിങ് സർവീസ് നിലവിൽ സായുധ സേനാ മെഡിക്കൽ സർവീസസിന്റെ ഭാഗമാണ്. സൈനികരുടേയും കുടുംബാംഗങ്ങളുടേയും ആരോഗ്യ പരിചരണത്തിനു മികച്ച സംഭാവനകൾ നൽകിയ അഭിമാനവുമായാണ് ഇന്ത്യൻ മിലിട്ടറി നഴ്സിങ് സർവീസ് നാളെ നൂറാം സ്ഥാപക ദിനം ആഘോഷിക്കുന്നത്.

************************************

RNU TVPM

## വനിതാ ഏകദിന ലോകകപ്പ്

ഐ.സി.സി വനിതാ ഏകദിന ലോകകപ്പിന് ഗുവാഹട്ടിയിൽ തുടക്കം. ആദ്യമത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ നേരിടുന്നു. ടോസ് നേടിയ ശ്രീലങ്ക ബൗളിങ്ങ് തിരഞ്ഞെടുക്കുകയായിരുന്നു . മഴനിയമപ്രകാരം കളി 48 ഓവറായി ചുരുക്കി. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 31 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 154 റൺസ് എന്ന നിലയിലാണ്.

***********************************

## സൂപ്പർ ലീഗ് കേരള ഫുട്ബോൾ

സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാം സീസണിന് മറ്റന്നാൾ കോഴിക്കോട് ഇഎംഎസ് സ്റ്റേഡിയത്തിൽ കിക്കോഫ്. രാത്രി 8 ന് നടക്കുന്ന ഉദ്ഘാടനമത്സരത്തിൽ നിലവിലെ ജേതാക്കളായ കാലിക്കറ്റ് എഫ്.സി, രണ്ടാം സ്ഥാനക്കാരായ ഫോഴ്സ കൊച്ചിയെ നേരിടും . രണ്ടര മാസത്തോളം നീണ്ടുനിൽക്കുന്ന ലീഗിൽ ഫൈനലടക്കം 33 മത്സരങ്ങളാണുള്ളത്.

PNU TVPM

***********************************

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 97 പോയിൻ്റ് താഴ്ന്ന് 80,267-ലും , നിഫ്റ്റി 23 പോയിൻ്റ് നഷ്ടത്തിൽ 24,611 ലും വ്യാപാരം അവസാനിച്ചു . സ്വർണ വിലയിൽ റെക്കോഡ് വർധന. പവന് 86,120 രൂപയും ഗ്രാമിന് 10,765 രൂപയുമാണ് ഇന്നത്തെ നിരക്ക് . ഇതാദ്യമായാണ് പവന് 86,000 രൂപ കടക്കുന്നത്.

***********************************

## ലോകവയോജന ദിനം

നാളെ ലോകവയോജന ദിനം. ദിനാചരണത്തിൻറെ ഭാഗമായി തിരുവനന്തപുരം നഗരസഭ, മാനവീയം വീഥിയിൽ വയോജന സൗഹൃദ സാംസ്ക്കാരിക ഇടനാഴിയും നായനാർ പാർക്കിൽ വയോജന സഹായ കേന്ദ്രവും ആരംഭിക്കും. പരിപാടിയുടെ ഉദ്ഘാടനം മേയർ ആര്യാ രാജേന്ദ്രൻ നിർവ്വഹിക്കും.

********************************************************************************************************

***********************************

RNU TVPM